**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 104** **12-10-2026-ൽ മറുപടിയ്ക്ക്**

**എ.എൽ.എ. - എസ്.ഡി.എഫ്. ൽ ഉൾപ്പെടുത്തി പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** എം.എൽ.എ.-എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷനിൽ പുഴാതി, പള്ളിക്കുന്ന് സോണലുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം വാങ്ങുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ് വിശദമാക്കാമോ;

**മറുപടി:** **എം.എൽ.എ എസ്. ഡി എഫ് ൽ ഉൾപ്പെടുത്തി കണ്ണൂർ കോർപറേഷനിൽ പുഴാതി പള്ളിക്കുന്ന സോണുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം വാങ്ങുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയം 3155073ഫയലിൽ പരിശോധിച്ച് വരുകയാണ് . ടി വിഷയവുമായി ബന്ധപ്പെട്ട് വാങ്ങാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ തരം/മോഡൽ, വാഹനത്തിന്റെ തുടർപരിപാലനം, അറ്റകുറ്റപ്പണികൾ, ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം എന്നിവ ആരാണ് വഹിക്കുക തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാൻ ജില്ലാ ഭരണ കൂടത്തോട് 26.06.2025 തീയതിയിലെ 3155073/NC-B1/112/2025-ധന നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിന് മറുപടി ലഭിച്ചിട്ടുണ്ടെങ്കിലും, വാങ്ങാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ തരം/മോഡൽ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമായിട്ടില്ല ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതാണ്**

**(ബി)** 3155073/എൻ.സി.ബി.റ്റി /112/2025നമ്പർ പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയ കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വാഹനം വാങ്ങുന്നതിന് പ്രത്യേകാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**